8
ആഗസ്റ്റ് 2023
ചൊവ്വ
Pages- 5
Vol. 2 Issue 186


# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

555

# ആസൂത്രിത ക്രൈസ്തവ പീഡനം:

## ഇന്ത്യയുമായി സംസാരിക്കും: അമേരിക്ക



# ബ്രിട്ടനിൽ ഭീതിപടർത്തി കൊവിഡ് വകഭേദം എരിസ്



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 8 ചൊവ്വ



# കുരുടന്മാരായ വഴികാട്ടികൾ

**കേ**രളം കണ്ട ഏറ്റവും വലിയ ആദരവ് ലഭിച്ച മനുഷ്യനാണ് ശ്രീ ഉമ്മൻചാണ്ടി സാർ എന്നത് തന്റെ മരണശേഷം തെളിയിക്കപ്പെട്ടു കഴിഞ്ഞു. രാഷ്ട്രീയ വ്യത്യാസങ്ങൾ കൂടാതെ, ജനങ്ങൾ അദ്ദേഹത്തെ മാനിച്ചു. അദ്ദേഹത്തിന്റെ യഥാർത്ഥ മനുഷ്യത്വം ജനം തിരിച്ചറിഞ്ഞതും മരണശേഷം ആണ്. തനിക്കെതിരെ അപവാദങ്ങൾ ഉയർത്തിയവർ പോലും, തെറ്റായിപോയി എന്ന് മനസ്സിലാക്കി തങ്ങൾ ചെയ്ത തെറ്റ് ഏറ്റുപറഞ്ഞു. ഇന്നും അദ്ദേഹത്തിന്റെ കല്ലറയിലെ ജനപ്രവാഹം തന്റെ മനസ്സിന്റെ മഹത്വം വെളിപ്പെടുത്തുന്നു.

പല സ്ഥലങ്ങളിൽ നിന്നും കൂട്ടമായി വന്നു തന്റെ ശവകുടീരം സന്ദർശിച്ചു പ്രാർത്ഥിക്കുന്നു. സർക്കാരിന്റെ ആദരവ് പോലും വേണ്ട എന്ന് വെച്ച ആ മനുഷ്യസ്നേഹി ഇത് ആഗ്രഹിക്കുന്നുണ്ടാകുമോ? ഇതിന്റെ പിറകിലെ ലക്ഷ്യം എന്ത് എന്ന് കേരള ജനത കാണാനിരിക്കുന്നതേയുള്ളു. ജീവിച്ചിരുന്നപ്പോൾ ദൈവത്തെ മാത്രം ഞാൻ ഭയപ്പെടുന്നു എന്ന് പറഞ്ഞ ഉമ്മൻ ചാണ്ടി സാറിനെ വിശുദ്ധൻ ആക്കുവാൻ ശ്രമിക്കുന്ന ചിലർ പുണ്യാവാളനുവേണ്ടി പാട്ടുകൾ വരെ എഴുതി തുടങ്ങി, അത് ഒടുവിൽ ആരാധനയിലേക്കും പുതിയ നേർച്ചപ്പെട്ടിയിലേക്കും അതും പോരാ എന്ന് തോന്നിയിട്ട് പുതിയ തീർത്ഥടന കേന്ദ്ര നിർമ്മിതിയിലേക്കും വരുമോ, എന്നും ഭയപ്പെടുന്നു.

എന്നാൽ മരിച്ചവർ ദൈവത്തെ സ്തുതിക്കുന്നില്ല എന്നും ജീവനോടെയുള്ളവർക്ക് മാത്രമേ നമുക്കു വേണ്ടി പ്രാർത്ഥിക്കാൻ കഴിയുകയുള്ളു എന്നും തിരിച്ചറിഞ്ഞെങ്കിൽ നന്നായിരുന്നു. ബൈബിൾ പറയുന്നു ചത്ത സിംഹത്തേക്കാൾ ജീവനുള്ള നായ് നല്ലതല്ലോ. അതായത് ജീവനോടിരിക്കുന്ന നായ് ഒന്ന് കുരയ്ക്കുവാൻ എങ്കിലും ശ്രമിക്കും എന്നാൽ ചത്ത സിംഹം കിടന്ന് സ്ഥലത്തു നിന്ന് ഒന്ന് മാറി പോലും കിടക്കില്ല. മരിച്ചു പോയവരോടും അവരുടെ നാമത്തിലും ഉള്ള പ്രാർത്ഥനകളുടെ പിൻപിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികളെ തിരിച്ചറിഞ്ഞു ജനം ദൈവത്തിങ്കലേക്ക് തിരിഞ്ഞെങ്കിൽ...... ദൈവത്തിന്റെ മുൻപിൽ മധ്യസ്ഥംഹതക്കായി യോഗ്യൻ യേശുക്രിസ്തു മാത്രം ആണെന്ന് തിരിച്ചറിഞ്ഞിട്ടും ജനത്തെ വഴി തെറ്റിച്ചു അത് ഒരു ധനാഗമ മാർഗം ആയി ണ്ടു മുൻപോട്ടു പോകുന്ന പുരോഹിതവർഗ്ഗത്തെ ദൈവം മാനസാന്തരത്തിലേക്ക് നയിക്കട്ടെ. മനുഷ്യർ ഉണ്ടാക്കിയെടുത്ത വിശുദ്ധൻമ്മാരുടെ പട്ടിക നീണ്ടുനീണ്ടു പോകുന്നു. ജനം ഇനിയും കണ്ണ് തുറന്നില്ലെങ്കിൽ ഇനിയും പലരും രൂപക്കൂട്ടിൽ പ്രവേശിക്കുന്നത് കാണേണ്ടിവരും. ദൈവത്തിങ്കലേക്ക് മടങ്ങി വരാൻ അവരുടെ ഹൃദയങ്ങളോട് ദൈവം ഇടപെടട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം..



**സിസ്റ്റർ ഷീലാദാസ്**

# യുവജന മാസയോഗവും ലഹരി വിരുദ്ധ സന്ദേശ റാലിയും

പിറവം : ഐ.പി.സി പിറവം സെന്റർ, യുവജനങ്ങൾക്ക് പ്രാതിനിധ്യം നൽകിക്കൊണ്ട് 2023 ഓഗസ്റ്റ് 15ന് മണീട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുന്ന യുവജന മാസയോഗത്തിൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ ബാബു ചെറിയാൻ പി.വൈ പി.എ പ്രവർത്തനോദ്ഘാടനം നിർവഹിക്കുന്നതും ബ്രദർ. ജസ്റ്റിൻ നെടുവേലിൽ, മുഖ്യ സന്ദേശം നൽകുകയും സെന്റർ പി വൈ പി എ ഗാനശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നു. ഉച്ചകഴിഞ്ഞ് പാസ്റ്റർ കെ പി വർഗീസ് നയിക്കുന്ന, ലഹരി വിരുദ്ധ വാഹന റാലിയിൽ ജ്യ. സജോ തോന്നിക്കുഴിയിൽ സന്ദേശം പങ്കുവക്കുന്നു. പി വൈ പി എ പ്രവർത്തകരായ പാസ്റ്റർ സാബു എം ബേബി, പാസ്റ്റർ ബൈജു പാപ്പച്ചൻ, ബ്രദർ.വിക്ടർ ജോൺ മാത്യു, ബ്രദർ. രാജേഷ് റ്റി പി, ബ്രദർ. പ്രെയ്സൺ രാജു, ബ്രദർ. ഡാനി തമ്പി തുടങ്ങിയവർ നേതൃത്വം നൽകുന്നു.

# സീയോൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രഥമ ഗ്രാജുവേഷൻ

കോട്ടയം : ഐപിസി പാമ്പാടി സെന്റർ കോട്ടയം തിയോളജിക്കൽ സെമിനാരിയുമായി ചേർന്ന് നടത്തുന്ന സീയോൻ ബൈബിൾ ഇൻസ്റ്റിറ്റുട്ടിന്റെ പ്രഥമ ഗ്രാജുവേഷൻ ഈ മാസം 12 തീയതി അരീപ്പറമ്പ് ശാലോം സഭയിൽ നടക്കുന്ന മാസയോഗത്തെ തുടർന്ന് നടക്കുന്നതാണ്. സെന്റർ മിനിസ്റ്റർ പാസ്റ്റർ സാം ദാനിയേലിന്റെ അദ്ധ്യക്ഷതയിൽ ഡോ. ജോസഫ് ജോൺ (വൈസ് പ്രിൻസിപ്പൽ കോട്ടയം തിയോളജിക്കൽ സെമിനാരി) മുഖ്യ സന്ദേശം നൽകുന്നതാണ്. 28 പേരാണ് ഈ വർഷം ഗ്രാജുവേഷൻ ചെയ്യുന്നത്. പാസ്റ്റർമ്മാരായ കെ എ വർഗീസ്, ചാക്കോ മാത്യു,ജോർജ് വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകുന്നതാണ്.

# സച്ചിൻ ഡേവിസിന് പി.എച്ച്. ഡി



ചിക്കാഗോ: ശാരോൻ ഫെലോഷിപ്പ് ചർച്ച് സഭാംഗം സച്ചിൻ ഡേവിസ് മിൽവാക്കി യൂണിവേഴ്സിറ്റി ഓഫ് വിസ്കോൺസിൻ (UWM) നിന്ന് എഞ്ചിനീറിയിങ്ങിൽ Ph.D നേടി. അങ്കമാലി എകടഅഠ കോളേജിൽ നിന്ന് ആ.ഠലരവ. ബിരുദം നേടിയ ഇദ്ദേഹം ഡണങ വിസ്കോൺസിനിൽ നിന്ന് മാസറ്റേഴ്സ് നേടിയ ശേഷമായിരുന്നു ഇലെക്ട്രിക്കൽ മെഷീൻ ലേർണിംഗ് ആൻഡ് സെൻസർ ടെക്നോളജി വിഭാഗത്തിൽ ഗവേഷണം പൂർത്തിയാക്കിയത്.

ഇടപ്പള്ളി സിൽവർ ലോൻസ്, അമ്പഴക്കാട്ട് ഡേവിസ് ആന്റണിയും സീനാ ഡേവിസും ആണ് മാതാപിതാക്കൾ. ചിക്കാഗോ ശാരോൻ ഫെല്ലോഷിപ്പ് സഭയിലെ സജീവ അംഗമായ സച്ചിൻ, സൺഡേ സ്കൂൾ ടീച്ചറായും മലയാളം ഗായകസംഘം ലീഡറായും സേവനം അനുഷ്ഠിക്കുന്നു. കേരളൈറ്റ്സ് ഇൻ മിൽവാക്കിയുടെ പ്രവർത്തകനും ആണ് .

# ഐ. പി. സി. കുണ്ടറ സെന്റർ ശുശ്രൂഷക കുടുംബ സംഗമം നടത്തി

അമ്പലത്തുംകാല:ഐ. പി. സി. കുണ്ടറ സെന്ററിലെ ശുശ്രൂഷകന്മാരുടെ കുടുംബ സംഗമവും മണിപ്പൂരിന് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ആഗസ്റ്റ് 5 ശനിയാഴ്ച അമ്പലത്തുംകാല ബേർശേബാ സഭയിൽ വെച്ച് നടന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച യോഗം സെന്റർ മിനിസ്റ്റർ പാസ്റ്റർ പൊന്നച്ചൻ ഏബ്രഹാം ഉത്ഘാടനം ചെയ്തു. ഐ. പി. സി. കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ രാജു ആനിക്കാട് മുഖ്യസന്ദേശം നൽകി. ഉച്ചയ്ക്ക് ശേഷം നടന്ന സെഷനിൽ മണിപ്പൂരിന് വേണ്ടി പ്രത്യേക പ്രാർത്ഥന നടന്നു. സെന്റർ വൈസ് പ്രസിഡന്റുമാരായ പാസ്റ്റർ ഉല്ലാസ് ജോയി, പാസ്റ്റർ ജെയിംസ് വി. ടി., സെന്റർ സെക്രട്ടറി പാസ്റ്റർ ജസ്റ്റിൻ ജോസഫ്, സെന്റർ ട്രഷറർ ബ്രദർ പൊന്നൂസ് എന്നിവരും സെന്റർ കമ്മിറ്റി അംഗങ്ങളും നേതൃത്വം നൽകി.




# ഏക സിവിൽ കോഡിനെതിരെ പ്രമേയം പാസാക്കി കേരളം

തിരുവനന്തപുരം : ഏക സിവിൽ കോഡിനെതിരെ പ്രമേയം പാസ്സാക്കുന്ന ഇന്ത്യയിലെ ആദ്യ നിയമസഭയായി കേരളം. നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. നേരത്തെ പൗരത്വ നിയമ ഭേദഗതിക്ക് എതിരെ പ്രമേയം പാസാക്കിയ ഇന്ത്യയിലെ ആദ്യത്തെ നിയമസഭയയും കേരള നിയമസഭയായിരുന്നു. 2019 ഡിസംബറിലാണ് പൗരത്വ നിയമ ഭേദഗതിക്ക് എതിരെ കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയത്.

ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് ഏക സിവിൽ കോഡെന്നും രാഷ്ട്രത്തിന്റെ ഐക്യത്തിന് ഇത് ഹാനികരമാണെന്നും പ്രമേയം വ്യക്തമാക്കുന്നു. രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയങ്ങളിൽ വിവിധ മതവിഭാഗങ്ങളുമായി ചർച്ച നടത്തി പൊതുസമീപനം ഉരുത്തിരിയുന്നതു വരെ, തിടുക്കത്തിലുള്ള നീക്കങ്ങളിൽ നിന്നും കേന്ദ്രം പിന്തിരിയണമെന്ന് കേരള നിയമസഭ ഏകകണ്ഠേന ആവശ്യപ്പെട്ടു.

**Christian Live (Malayalam) Advertisement Tariff**

| Full Page | Quarter Page |
| --- | --- |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas,
Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ആസൂത്രിത ക്രൈസ്തവ പീഡനം: ഇന്ത്യയുമായി സംസാരിക്കും: അമേരിക്ക

**ക്രിസ്ത്യാനികൾക്കെതിരായ പീഡനത്തെ ഞങ്ങൾ എതിർക്കുന്നുവെന്ന് ഞങ്ങൾ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്**



വാഷിംഗ്ടൺ: അമേരിക്ക മനുഷ്യാവകാശ പ്രശ്നങ്ങൾ ഇന്ത്യയുമായി മുമ്പ് പതിവായി ഉന്നയിച്ചിട്ടുണ്ടെന്നും ഭാവിയിൽ അത് ചെയ്യുമെന്നും ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ അടുത്ത മാസം ന്യൂഡൽഹിയിലേക്കുള്ള പ്രസിഡൻറ് യാത്രയ്ക്ക് മുന്നോടിയായി മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.
ഞങ്ങൾ ഇടപഴകുന്ന രാജ്യങ്ങളുമായി ഞങ്ങൾ പതിവായി മനുഷ്യാവകാശ ആശങ്കകൾ ഉന്നയിക്കുന്നു, അത് ചെയ്തിട്ടുണ്ട് മുൻകാലങ്ങളിൽ ഇന്ത്യയുമായി, ഭാവിയിലും ഞങ്ങൾ അങ്ങനെ ചെയ്യും,' സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് മാത്യു മില്ലർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പ്രസിഡന്റ് ജോ ബൈഡൻ തന്റെ വരാനിരിക്കുന്ന ഇന്ത്യാ സന്ദർശന വേളയിൽ രാജ്യത്ത് നടക്കുന്ന ക്രിസ്ത്യൻ പീഡനങ്ങളെക്കുറിച്ച് ഇന്ത്യയോട് ചോദിക്കുമോ എന്ന ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മില്ലർ. 'ക്രിസ്ത്യാനികൾക്കെതിരായ പീഡനത്തെ ഞങ്ങൾ എതിർക്കുന്നുവെന്ന് ഞങ്ങൾ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, ലോകത്ത് എവിടെ നടന്നാലും ഏതെങ്കിലും മതവിഭാഗത്തിന്റെ പീഡനത്തെ ഞങ്ങൾ എതിർക്കുന്നു,' മില്ലർ പറഞ്ഞു.

## റിസർവ് ബാങ്ക് ഓഫ് ഇന്ത്യ; ധന നയ സമിതി യോഗം ഇന്നാരംഭിക്കും




ഡൽഹി :റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ധന നയ സമിതി യോഗം ഇന്നാരംഭിക്കും. ആർ ബി ഐ ഗവർണർ ശക്തികാന്ത ദാസിന്റെ നേതൃത്വത്തിൽ ആറംഗ മോണിറ്ററി പോളിസി കമ്മിറ്റിയുടെ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന അവലോകന യോഗത്തിന് ശേഷം ഓഗസ്റ്റ് 10 ന് രാവിലെ ഗവർണർ പലിശ നിരക്ക് പ്രഖ്യാപിക്കും.
റിസർവ് ബാങ്ക് ആർ ബി ഐ ഗവർണർ ശക്തികാന്ത ദാസിന്റെ നേതൃത്വത്തിൽ ആറംഗ മോണിറ്ററി പോളിസി കമ്മിറ്റിയാണ് മൂന്ന് ദിവസത്തേക്ക് യോഗം ചേരുന്നത് . ഓഗസ്റ്റ് 10 ന് രാവിലെ 10 മണിക്ക് ഗവർണർ ശക്തി കാന്ത ദാസ് പലിശ നിരക്ക് പ്രഖ്യാപിക്കും. ആഭ്യന്തര വിപണിയിൽ തക്കാളി പോലുള്ള പച്ചക്കറികളുടെ വില കുതിച്ചുയരുകയും യുഎസ് ഫെഡറൽ റിസർവ് പോലുള്ള വിദേശ സെൻട്രൽ ബാങ്കുകൾ പലിശ നിരക്ക് ഉയർത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മോണിറ്ററി പോളിസി കമ്മിറ്റി യോഗം ചേരുന്നത്.
തുടർച്ചയായ പലിശ വർധനയ്ക്ക് ശേ ഷം കഴിഞ്ഞ രണ്ടു തവണയായി എം പി സി പലിശ നിരക്കിൽ മാറ്റമില്ലായിരുന്നു. ഈ വർഷം ഫെബ്രുവരി മുതൽ റിപ്പോ നിരക്ക് 6.5 ശതമാനമായി നില നിർത്തിയിട്ടുണ്ട്. ആർബിഐ പോളിസി നിരക്കുകളും നിലപാടുകളും മാറ്റമില്ലാതെ തുടരുമെന്നാണ് സാമ്പത്തിക വിദഗ്ദർ പറയുന്നത്.
മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമ്പത്തിക വർഷത്തെ രണ്ടാമത്തെ അവലോകന യോഗം ആരംഭിക്കുമ്പോൾ ഉറ്റുനോറ്റുകയാണ് വിപണിയും.

## 63–ാമത് ഐ.പി.സി. കൊട്ടാരക്കര മേഖല കൺവൻഷന് സംഘാടക സമിതി രൂപീകരിച്ചു

കൊട്ടാരക്കര : ഇന്ത്യൻ പെന്തകോസ്ത് ദൈവസഭ കൊട്ടാരക്കര മേഖല കൺവൻഷൻ 2024 ജനുവരി 3 മുതൽ 7 വരെ കൊട്ടാരക്കര ബേർശേബ ഗ്രണ്ടിൽ നടക്കും. കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി വിപുലമായ കമ്മിറ്റികൾ രൂപീകരിച്ചു. സബ് കമ്മിറ്റി കൺ വീനേഴ്സ് പ്രാർത്ഥന : പാസ്റ്റർ സണ്ണി എബ്രഹാം, ഫിനാൻസ് : ബ്ര. പി.എം ഫിലിപ്പ്, ബ്ര . റോയി അലക്സ് ,ബ്ര. ഗീവർഗ്ഗീസ്,പബ്ലിസിറ്റി : പാസ്റ്റർ ബിജു ജോസഫ് പന്തൽ : ബ്ര.ഡി. അലക്സാണ്ടർ,ഡ് : ബ്ര. റോബിൻ ആർ.ആർ. ലൈറ്റ് & സൗണ്ട് : പാസ്റ്റർ ജെസ്സിറ്റിൻ ജോസഫ് വോളന്റിയേഴ്സ് : പാസ്റ്റർ മനു എം. വിജിലൻസ് : പാസ്റ്റർ ഷിബു ജോർജ്, അക്കോമഡേഷൻ : ബ്ര. ബാബു അടൂർ. സീറ്റിങ്ങ് അറേജ്മെന്റ്സ് : പാസ്റ്റർ ജി.തോമസ്കുട്ടി, തിരുവത്താഴം : പാസ്റ്റർ വിത്സൻ എബ്രഹാം, മ്യൂസിക് : ബ്ര.തോമസ് ജോൺ ധ കൊച്ചു മോൻ കൊട്ടാരക്കര, സോങ്ങ് ബുക്ക് : ബ്ര. ഫിന്നി.പി. മാത്യു .
മീഡിയ: ഇവ. ഷിബിൻ. ജി. ശാമുവേൽ, എന്നിവരെ 2023 ജൂലൈ 30 ന് നടന്ന മേഖല കമ്മിറ്റി തിരെഞ്ഞെടുക്കയും പ്രവർത്തനം ആരംഭികുയും ചെയ്തു. കർത്താവിൽ പ്രസിദ്ധരായ ദൈവദാസന്മാർ ദൈവം വചനം പ്രസംഗിക്കുന്നു.പാസ്റ്റർമ്മാരായ ബെഞ്ചമിൻ വർഗ്ഗീസ്, സാം ജോർജ് , ജോൺ റിച്ചാർഡ്, എ.ഒ. തോമസ്കുട്ടി, കുഞ്ഞുമോൻ വർഗ്ഗീസ്, സി.എ. തോമസ്, ജോസ് കെ. എബ്രഹാം സഹോദരന്മാരായ ജെയിംസ് ജോർജ് (വേങ്ങൂർ ) പി.എം. ഫിലിപ്പ് , കെ.പി.തോമസ് എന്നിവർ നേതൃത്വം നല്കുന്നു.

## ഐപിസി ബാംഗ്ലൂർ സൗത്ത് സെന്ററിനു പുതിയ ഭാരവാഹികൾ




ബെംഗളൂരു: കർണാടക ഐ.പി.സി ബാംഗ്ലൂർ സൗത്ത് സെന്ററിന് പുതിയ നേതൃത്വം. പാസ്റ്റർ കെ എസ് ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ ഐസക്ക് വർഗ്ഗീസ് ( വൈസ് പ്രസിഡന്റ്), പാസ്റ്റർ ഗ്രെയിസൺ ഡി. തോമസ് ( സെക്രട്ടറി), ബ്രദർ റെജി ജോർജ് ( ജോയിന്റ് സെക്രട്ടറി), ബ്രദർ. ലാലു വർഗീസ് ( ട്രഷറർ) എന്നിവരെയും 15 അംഗ കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ.എസ്.ജോസഫ് ഗുഡ്ന്യൂസ് കർണാടക ചാപ്റ്റർ രക്ഷാധികാരിയും ,ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ റെജി ജോർജ് ഗുഡ്ന്യൂസ് കർണാടക ചാപ്റ്റർ സെക്രട്ടറിയുമാണ്.
ആഗസ്റ്റ് 6 ന് വിവേക് നഗർ ഐപിസി ഹാളിൽ പാസ്റ്റർ കെ.എസ്.ജോസഫിന്റെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയത്. സൗത്ത് സെന്ററിന് കീഴിലുള്ള ശുശ്രൂഷകരും സഭാ പ്രതിനിധികളും പങ്കെടുത്തു.

# ബ്രിട്ടനിൽ ഭീതിപടർത്തി കൊവിഡ് വകഭേദം എരിസ്

ലണ്ടൻ: ബ്രിട്ടനിൽ ഭീതിപടർത്തി കൊവിഡിൻറെ പുതിയ വകഭേദം അതിവേഗം വ്യാപിക്കുന്നതായി റിപ്പോർട്ട്. എരിസ് (ഇ.ജി 5.1) എന്ന പേരിൽ അറിയപ്പെടുന്ന വകഭേദമാണ് യുകെയിൽ പടരുന്നത്. ജൂലൈ അവസാനമാണ് എരിസിനെ കൊവിഡ് വകഭേദമായി തിരിച്ചറിഞ്ഞത്. നിലവിൽ ബ്രിട്ടനിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പത്തിലൊന്ന് കൊവിഡ് കേസുകളും എരിസ് വകഭേദമാണെന്നാണ് റിപ്പോർട്ട്. കൊവിഡ് വ്യാപനം രൂക്ഷമായതോടെ ആരോഗ്യപ്രവർത്തകർ മുന്നറിയിപ്പുമായി രംഗത്തെത്തിയിട്ടുണ്ട്. റെസ്പിറേറ്ററി ഡാറ്റാമാർട്ട് സിസ്റ്റം വഴി റിപ്പോർട്ട് ചെയ്ത 4396 സാമ്പിളുകളിൽ 5.4 ശതമാനം പേർക്കും കൊവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തു. കൊവിഡ് രോഗികളുടെ ആശുപത്രി പ്രവേശന നിരക്കും ഉയർന്നിട്ടുണ്ട്.




## സൈനിക ഡ്രോൺ നിർമാണത്തിൽ ചൈനീസ് ഉപകരണങ്ങൾ പാടില്ല'; വിലക്കേർപ്പെടുത്തി ഇന്ത്യ

ന്യൂഡൽഹി:തദ്ദേശീയമായി നിർമിക്കുന്ന സൈനിക ഡ്രോണുകളിൽ ചൈനയിൽ നിന്നുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് ഇന്ത്യ വിലക്കേർപ്പെടുത്തിയതായി റിപ്പോർട്ട്. സൈനിക രഹസ്യങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാകാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് നടപടി. പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, രേഖകൾ എന്നിവ ഉദ്ധരിച്ച് അന്താരാഷ്ട്ര വാർത്താ ഏജൻസിയായ റോയിട്ടേഴ്സാണ് വാർത്ത പുറത്തുവിട്ടത്. ഡ്രോണുകൾ, ലോങ് എൻഡ്യൂറൻസ് സിസ്റ്റങ്ങൾ എന്നിവയെ കൂടുതലായി ആശ്രയിച്ചുകൊണ്ടുള്ള സൈനിക നവീകരണ പ്രവർത്തനങ്ങൾ ഇന്ത്യ നടത്തിവരികയാണ്. അതിന്റെ ഭാഗമായുള്ള കരാറുകളുടെ ഭൂരിഭാഗവും പ്രതിരോധ മേഖലയിലെ തദ്ദേശീയ സ്ഥാപനങ്ങൾക്കാണ്. ഈ സാഹചര്യം നിലനിൽക്കെയാണ് ഡ്രോണുകളുടെ ആശയവിനിമയ പ്രവർത്തനങ്ങൾ, ക്യാമറകൾ, റേഡിയോ ട്രാൻസ്മിഷൻ, ഓപ്പറേറ്റിങ് സോഫ്റ്റ്‌വെയർ എന്നിവയിലെ ചൈനീസ് നിർമ്മിത ഭാഗങ്ങൾ ഒഴിവാക്കണമെന്ന നിർദേശം ഉണ്ടാകുന്നത്.



## അടുത്ത യുവജനസമ്മേളനം ദക്ഷിണ കൊറിയയിൽ

വത്തിക്കാൻ :2027ൽ നടക്കുവാനിരിക്കുന്ന അടുത്ത ലോകായുവജനദിനാഘോഷം തെക്കൻ കൊറിയയുടെ തലസ്ഥാനമായ സോൾ നഗരത്തിൽ നടക്കുമെന്ന് ഫ്രാൻസിസ് പാപ്പാ അറിയിച്ചു. പോർച്ചുഗലിലെ ലിസ്ബണിൽ ഓഗസ്റ്റ് 1 മുതൽ ആരംഭിച്ച ലോകായുവജനദിനത്തിന്റെ സമാപനദിനമായ ഓഗസ്റ്റ് 6 ഞായറാഴ്ച വിശുദ്ധ ആരാധനയുടെ അവസാനമാണ് അടുത്ത ലോകായുവജനദിനത്തിലേക്ക് പാപ്പാ ഏവരെയും ക്ഷണിച്ചത്.1995ൽ ഫിലിപ്പീൻസിൽ വച്ച് നടന്ന ലോകായുവജനദിനാഘോഷത്തിന് ശേഷം ഇതാദ്യമായാണ് ഏഷ്യയിൽ കത്തോലിക്കാ യുവജനങ്ങൾ ഒരുമിച്ച് കൂടുവാൻ പോകുന്നത്. ഏഷ്യൻ ഭൂഖണ്ഡത്തിലെ കത്തോലിക്കാ യുവജനത്തിനും, കത്തോലിക്കാ സഭയ്ക്കും തങ്ങളുടെ വിശ്വാസജീവിതസാക്ഷ്യത്തിന് ഒരു വേദികൂടിയാകും സോളിൽ നടക്കുവാൻ പോകുന്ന ലോകായുവജനദിനാഘോഷം.



## കയർ പൊട്ടിച്ച് നുകം തകർത്ത് നടക്കുന്നവർ വർദ്ധിക്കുന്നു

ക്രിസ്തുവിന്റെ പാതയിൽ നടക്കുമ്പോൾ കഷ്ടത കണ്ണിന് കാണാൻ ഇഷ്ടമുള്ളയിടത്തും , ചെവികൾക്ക് കേൾക്കാൻ രസമുള്ളയിടത്തും നാം ചുവട് വെയ്ക്കാൻ ദൈവം അനുവദിക്കുന്നില്ല



സിഞ്ചു മാത്യു, നിലമ്പൂർ

**സ്വാ**തന്ത്ര്യം ആഗ്രഹിക്കാത്തവർ ആരും ഇല്ല. അത് മനുഷ്യനായാലും മൃഗങ്ങൾ ആയാലും, ആരുടെ കീഴിലും കീഴ്പെടാതെ തന്നിഷ്ടത്തിന് ജീവിക്കാനാണ് ഏവരും ആഗ്രഹിക്കുന്നത്. 1945 അൗഴ 17 ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച ദിവസം. ചുരുക്കി പറഞ്ഞാൽ ഇന്ത്യക്കാർക്ക് അടിമത്വം ഇല്ലാതായ ദിവസം എന്ന് വേണേൽ നമുക്ക് പറയാം. ഒരു ദൈവ പൈതലിന്റെ അടിമത്വം ഇല്ലാതായ ദിവസം ഏതെന്ന് ചോദിച്ചാൽ യേശുവിനെ ജീവിതത്തിൽ സ്വീകരിക്കുമ്പോഴാണ്. യേശുവിനെ സ്വന്ത രക്ഷിതാവായി ജീവിതത്തിലേക്ക് സ്വീകരിക്കുമ്പോൾ പിന്നീടുള്ള ഈ ഭൂമിയിലെ ജിവിതം ക്രിസ്തുവിനോടൊപ്പമാണ്. അങ്ങനെ ജീവിതത്തിൽ തീരുമാനമെടുത്ത് ജീവിക്കുന്ന ദൈവമക്കളാണ് യാഥാർത്ഥ ക്രിസ്ത്യാനികൾ. പിന്നീട് മുൻപോട്ടുള്ള ഓരോ ചുവട് വെയ്പുകളും പിശാചിന്റെ ഇഷ്ടത്തിനല്ല ദൈവത്തിന്റെ ഇഷ്ടത്തിനായിരിക്കും എന്നാൽ ദൈവത്തിന്റെ ഇഷ്ടത്തിന് ഈ ജീവിക്കുന്ന വ്യക്തിയോട് ദൈവവചനം പറയുന്നു എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു.”
( മത്തായി 11 : 30 )

അതായത് ക്രിസ്തുവിന്റെ പാതയിൽ നടക്കുമ്പോൾ കഷ്ടത കണ്ണിന് കാണാൻ ഇഷ്ടമുള്ളയിടത്തും , ചെവികൾക്ക് കേൾക്കാൻ രസമുള്ളയിടത്തും നാം ചുവട് വെയ്ക്കാൻ ദൈവം അനുവദിക്കുന്നില്ല.
എന്നാൽ സുഖ സൗകര്യങ്ങളും പുരോഗമന കാലഘട്ടങ്ങളിലും എത്തിയിരിക്കുന്ന ഈ കാലയളവിൽ ക്രിസ്തുവിന്റെ നുകത്തിൽ കീഴിൽ ജീവിക്കാൻ ഇന്ന് ദൈവമക്കൾ കുറയുന്നു പകരം ലോകത്തിന്റെ ഇഷ്ടത്തിനനുസരിച്ചുള്ള വേഷം, ജീവിതരീതി, തൊഴിൽ എല്ലാം തിരഞ്ഞെടുത്ത് ജീവിക്കുന്ന ദൈവമക്കളുടെ എണ്ണം വർദ്ധിക്കുന്നു തന്മൂലം ജീവിത വിശുദ്ധിയുള്ള വിശുദ്ധർ ഇല്ലാതാകുന്നു. യിരമ്യാപ്രവാചകനോട് ദൈവം അറിയിക്കുന്ന അരുളപ്പാട് പോലെ മര്യാദ വിട്ട് നടക്കുന്ന ജനം, മലിനമായിരിക്കുന്ന ജനം, ദൈവഭയം ഇല്ലാത്ത ജനം, അതിമോഹം പിടിച്ചിരിക്കുന്ന ജനം. വർഷങ്ങൾക്ക് മുമ്പ് ദൈവം തന്റെ ജനത്തെ കുറിച്ച് പ്രവാചകനിലൂടെ മരുഭൂമിയിൽ കൂടി നടത്തിയ സ്വന്തജനത്തെ കുറിച്ച് അറിയിച്ച അരുളപ്പാട് പോലെ ഇന്ന് ദൈവമക്കൾ കയറ് പൊട്ടിച്ച് നുകം തകർത്ത് കാട്ടുകഴുതയെ പോലെ, പെണ്ണൊട്ടകത്തെ പോലെ ലക്ഷ്യം തെറ്റി അങ്ങോട്ടും ഇങ്ങോട്ടും വിരണ്ടോടി കൊണ്ടിരിക്കുന്നു. നമ്മുടെ നാഥൻ വരാറായി ശേഷിക്കുന്ന വിശുദ്ധരെ ചേർക്കാൻ വരുമ്പോൾ അവന്റെ നുകം ചുമന്ന് ക്രിസ്തുവിന്റെ പാതയിൽ ലക്ഷ്യം തെറ്റാതെ നമ്മുക്കും ഓടാം. മാറാനാഥാ.

CNL7 MEDIA
Vol. 2 Issue 186
CHRISTIANLIVE DAILY
8 Tuesday
Pages 5
555

